**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1321** **01-02-2024 - ൽ മറുപടിയ്ക്ക്**

**അഴിക്കോട് മുനമ്പം പാലത്തിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബിയിൽ നിന്നും 154.626 കോടി രൂപ സാമ്പത്തികാനുമതിയും 143.15 കോടി രൂപയ്ക്ക് സാങ്കേതിക അനുമതിയും ലഭ്യമായിട്ടുള്ള അഴിക്കോട് മുനമ്പം പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിജസ്ഥിതി വ്യക്തമാക്കാമോ ; | (എ) | അഴിക്കോട് - മുനമ്പം പാലത്തിന് 10.07.2017 തീയതിയിൽ 160 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയതാണ്. 14.08.2020 ൽ 154.626 കോടി രൂപയ്ക്ക് സാമ്പത്തിക അനുമതിയും 23.11.2023 ൽ 181.55 കോടി രൂപയ്ക്ക് പുതുക്കിയ സാമ്പത്തികാനുമതിയും കിഫ്ബി നൽകുകയുണ്ടായി. 16.12.2021 തീയതിയിലെ ഉത്തരവ് പ്രകാരം 143.15 കോടി രൂപയുടെ സാങ്കേതിക അനുമതി നൽകുകയും ടെണ്ടർ നടപടികൾ പൂർത്തിയാക്കി 10.10.2023 തീയതിയിലെ എഗ്രിമെന്റ് പ്രകാരം 143.28 കോടി രൂപയ്ക്ക് കരാർ നൽകുകയും ചെയ്തിട്ടുണ്ട്. പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ആകെ 196 പൈലുകൾ ഉള്ളതിൽ 36 പൈലുകളുടെ നിർമ്മാണം അഴിക്കോട് വശത്ത് പൂർത്തിയായിട്ടുണ്ട്. പൈൽ ക്യാപ്പ്, Pier എന്നിവയുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു. |
| (ബി) | എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തികരിക്കേണ്ടതായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | ആകെ 196 പൈലുകളിൽ 160 പൈലുകളും ബന്ധപ്പെട്ട പാലം ഭാഗങ്ങളും അപ്രോച്ച് റോഡും പൂർത്തീകരിക്കാനുണ്ട്. |
| (സി) | പാലത്തിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തികരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | കരാർ പ്രകാരം 17.01.2025-ന് ആണ് പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി. |

സെക്ഷൻ ഓഫീസർ